പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .105 — 11.06.2012-ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയ്ക്ക് വിരുദ്ധമായി ജപ്തി നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തശേഷവും ഏതെങ്കിലും സ്ഥാപനം ജപ്തി നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും മത്സ്യത്തൊഴിലാളി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണെന്നും, ഏത് തൊഴിലാളിയാണെന്നും, ഏത് സ്ഥാപനമാണ് ജപ്തി നടപടികൾ സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. എറണാകുളം ജില്ലയിലെ നായരമ്പലം മത്സ്യഗ്രാമത്തിലെ അംഗമായിരുന്ന എം.കെ. നന്ദനൻ, S/o കണ്ടൻ കോരൻ, മാലവീട്ടിൽ, നായരമ്പലം എന്ന വ്യക്തി 19.12.2011-ൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ഞാറയ്ക്കൽ ശാഖയിൽ നിന്നുമാണ് ജപ്തി നടപടികൾ ഉണ്ടായത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) | ഇന്ത്യൻ പീനൽകോഡ് & പ്രൊസീജർ കോഡ് പ്രകാരം പ്രസ്തുത ബാങ്കിന് എതിരെ നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ടിന് (റൂറൽ) നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ